**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **06-02-2023 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ സംരക്ഷിത വനമേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിലെ പട്ടയ ഭൂമിയിലെ തേക്ക്, ഈട്ടി, ചന്ദനം, എബണി ഒഴികെ കർഷകർ നട്ടുവളർത്തിയിട്ടുള്ള മരങ്ങൾ മുറിക്കുന്നതിന് നിയമ തടസ്സം നിലവിലുണ്ടോ; എങ്കിൽ ബന്ധപ്പെട്ട നിയമത്തിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | കോന്നി നിയോജക മണ്ഡലത്തിൽ നിയമപരമായി പൂർണമായും ഉടമസ്ഥാവകാശം ഉള്ള പട്ടയ ഭൂമിയിലെ മരങ്ങൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മുറിയ്ക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നില്ല. നിലവിലുള്ള ചട്ട പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് മരം മുറിയ്ക്കുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. ബന്ധപ്പെട്ട നിയമങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിലെ സംരക്ഷിത വനമേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | കോന്നി നിയോജക മണ്ഡലത്തിലെ അരുവാപ്പുലം, കോന്നി, മലയാലപ്പുഴ, തണ്ണിത്തോട്, കലഞ്ഞൂർ, ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിൽ റിസർവ്വ് വനമേഖലകൾ ഉണ്ട്. ആയതിൽ സീതത്തോട് പഞ്ചായത്തിന്റെ ഗവി, വാർഡിൽ 3 ൽ പെടുന്ന പ്രദേശങ്ങൾ സംരക്ഷിത വനമേഖലയിൽ ഉള്ള ബഫർ സോണിൽ ഉൾപ്പെട്ടുവരുന്ന പ്രദേശമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സുപ്രീംകോടതി നിർദ്ദേശം അനുസരിച്ച് സംരക്ഷിത വനമേഖലയിൽ ബഫർ സോൺ പരിധിയിൽ വരുന്ന ജനവാസ മേഖല, പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലും വാർഡുകളിലുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിച്ചാൽ കോന്നി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന സീതത്തോട് പഞ്ചായത്തിലെ ഗവി വാർഡ്-3 ഇക്കോ സെൻസിറ്റീവ് പരിധിയിൽ വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) **The Kerala Forest Act, 1961 ചട്ടം82- പരാമർശങ്ങൾ**

സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും സ്ഥിരമായി കൃഷി ചെയ്യുന്നതിന് നൽകപ്പെട്ടിട്ടുള്ള ഭൂമികളിൽ കാണുന്നതുമായ മരങ്ങളും തടികളും ഇപ്രകാരം നിലവിലുള്ള നിയമ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്.

2) **1964 ലെ കേരള ലാന്റ് അസൈൻമെന്റ് റൂൾസ് പരാമർശങ്ങൾ**

ഈ റൂൾസ് പ്രകാരം നൽകപ്പെടുന്ന പട്ടയത്തിലെ ഒന്നാമത്തെ കണ്ടീഷൻ ഇപ്രകാരമാണ്.

ഗ്രാന്റിൽ ഉൾപ്പെട്ടതും ഷെഡ്യൂളിൽ പ്രത്യേകം പരാമർശിക്കുന്നതുമായ എല്ലാ മരങ്ങളുടെയും പൂർണ്ണ അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നത്. പതിച്ചു നൽകുന്ന സമയത്ത് ടി ഭൂമിയിൽ നിൽക്കുന്നതും തുടർന്ന് സ്വമേധയാ കിളിർത്തുവരുന്നതുമായ അത്തരം എല്ലാ വൃക്ഷങ്ങളുടെയും സംരക്ഷണം പട്ടാദാർമാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

1964 ലെ കേരളാ ലാന്റ് അസൈൻമെന്റ് റൂൾസിലെ Appendix III Part A യിൽ കൊടുത്തിരിക്കുന്ന 57 മരങ്ങളിലോ, Part B യിൽ കൊടുത്തിരിക്കുന്ന 11 മരങ്ങളിലോ, തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ ഇനങ്ങൾ സ്വന്തമാക്കുന്നതിനുള്ള അവസരം പട്ടാദാർക്ക് 2017 ലെ അമെന്റ്മെന്റ് റൂൾസ് പ്രകാരം ലഭിക്കുന്നില്ല.

3) **1975 ലെ THE KERALA FOREST [PRESERVATION, REPRODUCTION AND DISPOSAL OF TREES AND TIMBER BELONGING TO GOVERNMENT BUT GROWN ON LANDS IN THE OCCUPATION OF PRIVATE PERSONS] RULES ലെ പരാമർശങ്ങൾ**

ഈ റൂൾസിൽ "കൈവശഭൂമിയിൽ നിൽക്കുന്ന മരങ്ങൾ എല്ലാം തന്നെ നിയമങ്ങൾക്ക് വിധേയമായി കൈവശക്കാർക്ക് വിൽക്കുന്നതുവരെയോ അല്ലെങ്കിൽ സർക്കാർ നീക്കം ചെയ്യുകയോ ചെയ്യുന്നതുവരെയോ കൈവശക്കാർ സംരക്ഷിക്കേണ്ടതുണ്ട്. കൈവശക്കാർ പ്രസ്തുത മരങ്ങളുടെ ശിഖരങ്ങൾ വെട്ടി മാറ്റുന്നതിനോ, മരങ്ങൾക്ക് ഭീഷണിയാകുന്ന രീതിയിൽ തീയിടുന്നതിനോ പാടുള്ളതല്ല. തേക്ക്, ഈട്ടി, ചന്ദനം, എബണി എന്നീ മരങ്ങളും അവയുടെ തൈകളും കൈവശക്കാർ പരിപാലിക്കേണ്ടതും,സംരക്ഷിക്കേണ്ടതുമാണ്" എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

4) 1993 Kerala Land Assignment (Regularisation of Occupations of Forest Lands prior to 01.01.1977) Rules പ്രകാരം പട്ടയം നൽകിയിട്ടുള്ള ഭൂമി നിയമപരമായി റിസർവ്വ് വനമാണ്. നിലവിൽ അവയുടെ സ്റ്റാറ്റസ് വനമായി തന്നെ നിലനിൽക്കുന്നതുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയാണ് 1993 റൂൾസ് പ്രകാരം പട്ടയം നൽകിയിട്ടുള്ളത്. 1993 Kerala Land Assignment (Regularisation of Occupations of Forest Lands prior to 01.01.1977) Rules പ്രകാരം പട്ടയം നൽകിയിട്ടുള്ള പട്ടയങ്ങളുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കേണ്ടിവരുന്നതാണ്. നിയമപരമായി വനഭൂമി എന്ന സ്റ്റാറ്റസിൽ ഉള്ള

സ്ഥലങ്ങളിൽ നിന്നും മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകുവാൻ സാധ്യമല്ല. 1993 Kerala Land Assignment (Regularisation of Occupations of Forest Lands prior to 01.01.1977) Rules ചട്ടം 13 പ്രകാരം 1986 ലെ കേരള വൃക്ഷം സംരക്ഷണ നിയമത്തിൽ നിർവ്വചിച്ചിട്ടുള്ളതും പട്ടയത്തിൽ പറഞ്ഞിട്ടുള്ള തുമായ മരങ്ങൾ മുഴുവനും കേരള വനംവകുപ്പിൽ നിക്ഷിപ്ത മാക്കിയിട്ടുള്ളതും, അതിന്റെ സംരക്ഷണത്തിന് കേരള വനംവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്, പട്ടാദാർ, ഈ മരങ്ങൾ ഇടയ്ക്കിടെ പരിശോധക്കുന്നതിനും നീക്കം ചെയ്യേണ്ടിവരുന്ന പക്ഷം അപ്രകാരം ചെയ്യുന്നതിനും സർക്കാർ ഉദ്യോഗസ്ഥർക്ക് വേണ്ട സഹായം ചെയ്യണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

5) **1995 ലെ The Kerala Forest (Prohibition of Felling of Trees Standing on Land Temporarily or Permanently Assigned) Rules ലെ പരാമർശങ്ങൾ**

താൽക്കാലികമായോ സ്ഥിരമായോ അസൈൻ ചെയ്യപ്പെട്ട ഭൂമികളിൽ നിൽക്കുന്ന പട്ടയത്തിലോ, അസൈൻമെന്റ് ഓർഡറോ വഴി സർക്കാരിൽ നിക്ഷിപ്തമായ എല്ലാ മരങ്ങളും സർക്കാരിന്റെ മുതലായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

6) **Kerala Promotion of tree Growth in non-forest areas act, 2005 and its amendments**

സെക്ഷൻ 6 പ്രകാരം, സർക്കാർ പതിച്ചു നൽകിയിട്ടുള്ള ഭൂമികളിൽ റിസർവ്വ് ചെയ്ത നിൽപ് മരങ്ങളും Kerala Preservation of Trees Act, 1986 (35 of 1986) സെക്ഷൻ 5, the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (21 0f 2005) എന്നിവയിൽ ഉൾപ്പെട്ടതുമായ മരങ്ങളും, നോട്ടിഫൈ ചെയ്യാത്ത പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിലുള്ള ചന്ദന മരങ്ങൾ ഒഴികെയുള്ള പൂർണ്ണ അവകാശമുള്ള മറ്റ് മരങ്ങൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ച് മുറിച്ച് ഉപയോഗിക്കാൻ കഴിയുന്നതാണ്.

---------------------